# പ്രീമിയർ സ്കൂൾ ട്രെയിനിങ് പ്രോഗ്രാം

## കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസി, പാലാ

പ്രിയ പ്രഥമാധ്യാപകരേ,

'പ്രീമിയർ സ്കൂൾ ട്രെയിനിംഗ് പ്രോഗ്രാ'മിന്റെ പ്രവർത്തനം പതിമൂന്നാം വർഷത്തിലേക്കു കടന്നിരിക്കുന്നു. ഒരു വ്യാഴവട്ടക്കാലം നിങ്ങൾ നൽകിവന്ന സഹകരണത്തിന് നന്ദി അറിയിക്കുകയാണ്. താങ്കളുടെ സ്കൂളിൽ നിന്നും ഈ വർഷം VI ലെ എൻട്രൻസ് പരീക്ഷ എഴുതി പ്രവേശനം ലഭിച്ചവർ, VI-ാം ക്ലാസ്സ് ബാച്ചിൽ നിന്നും VII ലേക്ക് വിജയിച്ചവർ, VII-ാം ക്ലാസ്സ് ബാച്ച് വിജയകരമായി പൂർത്തിയാക്കിയവർ, VIII ലേക്ക് പ്രവേശനം ലഭിച്ചവർ, VIII ൽ നിന്നും IX ലേക്കു വിജയിച്ചവർ, IX -ാം ക്ലാസ് ബാച്ച് വിജയകരമായി പൂർത്തിയാക്കിയവർ എന്നിങ്ങനെ 6 വിഭാഗത്തിൽപ്പെട്ടവരുടെ ലിസ്റ്റ് ഇതോടൊപ്പം അയയ്ക്കുന്നു. പ്രസ്തുത കാര്യങ്ങൾ കുട്ടികളെ ഉടനടി അറിയിക്കണം.

കൂടാതെ 2017-2018 ബാച്ചിന്റെ ഉദ്ഘാടനവും കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സമ്മാനങ്ങളുടെയും സർട്ടിഫിക്കറ്റുകളുടെയും വിതരണവും **"2017 ആഗസ്റ്റ് 5 ശനിയാഴ്ച രാവിലെ 9.45 ന്" പാലാ സെന്റ് തോമസ് എച്ച്.എസ്.എസ്. ഓഡിറ്റോറിയത്തിൽ വച്ച്** നടത്തപ്പെടുന്നു. മേൽപറഞ്ഞ ആറ് വിഭാഗങ്ങളിൽ 7, 9 എന്നീ ബാച്ചുകൾ പൂർത്തിയാക്കിയവർ (Final Year പരീക്ഷകളിൽ വിജയിച്ചവർ), എൻട്രൻസ് പരീക്ഷാ വിജയികൾ (6, 8 എന്നീ ബാച്ചുകളിലേക്ക് പുതുതായി പ്രവേശിച്ചവർ) എന്നീ നാലു വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾ അവരുടെ രക്ഷിതാക്കളോടൊപ്പം അന്നേദിവസം നിർബന്ധമായും യോഗത്തിൽ എത്തിച്ചേരണം. **പൊതുസമ്മേളനാനന്തരം കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി സംഘടിപ്പിക്കപ്പെടുന്ന ക്ലാസ്സിൽ** അവർ പങ്കെടുക്കുന്നതിനുവേണ്ട ക്രമീകരണം ചെയ്യേണ്ടതാണ്. വിജയികളുടെ സർട്ടിഫിക്കറ്റുകളോ സമ്മാനങ്ങളോ മറ്റൊരവസരത്തിലും വിതരണം ചെയ്യുന്നതല്ല. തുടർക്ലാസ്സുകളെ സംബന്ധിച്ച വിവരവും അന്ന് അറിയിക്കുന്നതാണ്. VI, VII, VIII, IX ബാച്ചുകളിൽ പഠിക്കുന്ന കുട്ടികളുടെ പേരുവിവരം, കോഴ്സ് ഫീസ് (Rs : 300/- For VI, VII and Rs: 400/- for VIII, IX), പ്രീമിയർ സ്കൂൾ പ്രോഗ്രാമിന്റെ സ്കൂൾതല ചുമതല വഹിക്കുന്ന അധ്യാപകന്റെ പേര്, ഫോൺ നമ്പർ എന്നിവ ആഗസ്റ്റ് 25 ന് മുൻപായി കോർപ്പറേറ്റ് ഓഫീസിൽ ഏൽപിച്ച് കോഴ്സ് ഫീസ് അടച്ചതിന്റെ രസീത് വാങ്ങേണ്ടതാണ്.

***ഓരോ സ്കൂളിൽ നിന്നും പ്രോഗ്രാമിൽ പങ്കെടുക്കുവാൻ അവസരം ലഭിച്ച കുട്ടികൾ പതിവായി ക്ലാസ്സുകളിൽ ഹാജരാകുന്നുണ്ടെന്ന് ബന്ധപ്പെട്ട ഹെഡ്മാസ്റ്ററും പ്രോഗ്രാം ചുമതലയുള്ള അദ്ധ്യാപകനും ഉറപ്പുവരുത്തണം.***

ഫാ. ബെർക്കുമാൻസ് കുന്നുംപുറം
(കോർപറേറ്റ് സെക്രട്ടറി)

പാലാ
15.07.2014

**NB: സമ്മേളനത്തെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അടങ്ങിയ നോട്ടീസ് പിന്നീട് അയയ്ക്കുന്നതാണ്.**

Contact : Sabu Mathew (Chairman) Mob. 9447154099, Joji Abraham (Secretary) Mob. 7012784662

Media, Etpa